തീരുമാനിച്ചിരുന്ന കാർകൂന്തൽ വില്ലേജിലെ (ഇപ്പോൾ അയ്യപ്പൻ കോവിൽ വില്ലേജ്) സർവ്വേ നമ്പർ 1/12-ൽപ്പെട്ട 3 ഏക്കർ വസ്തു കോടതി വിധിപ്രകാരം റിസീവർമാർക്ക് കൈമാറ്റം ചെയ്യുകയുണ്ടായി. വാസ്തുശാസ്ത്രം, താന്ത്രികവിധി ഇവയനുസരിച്ച് പ്രസ്തുത സ്ഥലത്ത് (സ്വരാജ് ജംഗ്ഷന് അടുത്തുള്ള തൊപ്പിപ്പാള എന്ന സ്ഥലം) അമ്പലം നിർമ്മിക്കാനായി കെ.എസ്.ഇ.ബി. 1.80 ലക്ഷം രൂപ അടച്ചിട്ടുണ്ട്. ഇപ്രകാരം പുതിയ അമ്പലം പണിയുകയും പഴയ ക്ഷേത്രത്തിലെ വിഗ്രഹം പുതിയ അമ്പലത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്ര ട്രസ്റ്റ് അധികൃതർ അമ്പലത്തിൽ യഥാവിധി പൂജകൾ നടത്തിവരുന്നുണ്ട്.

ചെർക്കളം വൈദ്യുതി സെക്ഷൻ ഓഫീസിൻകീഴിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

21 (2299) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെർക്കളം വൈദ്യുതി സെക്ഷൻ ഓഫീസിൻകീഴിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ പേരു വിവരങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇവരുടെ ഓരോരുത്തരുടേയും പേരിൽ പെനാൽറ്റി ഇനത്തിൽ എത്ര രൂപയാണ് ബോർഡ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) തുക മുഴുവനായി കക്ഷികളിൽനിന്ന് ഈടാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒന്ന് (1)

(ബി) ശ്രീമതി കെ. എ. മറിയുമ്മ വൈഫ് ഓഫ് പി.ബി. അബ്ദുള്ള കുഞ്ഞ്, നായൻമാർമൂല വിദ്യാനഗർ.

(സി) 1,20,355 രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരത്തി മുന്നൂറ്റി അൻപത്തഞ്ച് രൂപ)

(ഡി) ശ്രീമതി കെ.എ. മറിയുമ്മ ഇതുവരെ പെനാൽറ്റി തുക അടച്ചിട്ടില്ല.

(ഇ) ഇവർക്കെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾ നിലവിലുണ്ട്.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം

22 (2300) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിന് മുമ്പ് ഇവയുടെ ഓരോന്നിന്റെയും വൈദ്യുതി ഉല്പാദനശേഷിയും യഥാർത്ഥ ഉല്പാദനവും എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയുടെ നവീകരണത്തിന് ശേഷം ഓരോന്നിന്റേയും ഉല്പാദന ശേഷിയും യഥാർത്ഥ ഉല്പാദനവും എത്രവീതം വർദ്ധിക്കുമെന്നാണ് അത് സംബന്ധമായ കരാറിൽ പറഞ്ഞിരുന്നത് ;

(സി) അവയുടെ നവീകരണത്തിനുശേഷം അവയുടെ യഥാർത്ഥ ഉല്പാദനം എത്രവീതമാണ് ;

(ഡി) ഇവയിൽ ഏതിന്റെയെങ്കിലും ഉല്പാദനം വർദ്ധിച്ചിരുന്നതിന് വേണ്ടിയുള്ള പണിക്ക് വീണ്ടും കരാർ നൽകാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ)

	പദ്ധതി	സ്ഥാപിതശേഷി	യഥാർത്ഥ ഉല്പാദനം 1996-2000 കാലയളവിലെ ശരാശരി
1.	പള്ളിവാസൽ	284 മി.യൂ.	102.90 മി.യൂ.
2.	ചെങ്കുളം	182 മി.യൂ.	141.75 മി.യൂ.
3.	പന്നിയാർ	180 മി.യൂ.	163.87 മി.യൂ.

മേൽപ്പറഞ്ഞ യഥാർത്ഥ ഉല്പാദനം വെള്ളത്തിന്റെ ലഭ്യതയുമായും മറ്റും ബന്ധപ്പെട്ടിരിക്കുന്നു.

(ബി) നവീകരണത്തിന് ശേഷം ഇവയുടെ ഉല്പാദനശേഷി വർദ്ധിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. യഥാർത്ഥ ഉല്പാദനം എത്രയായിരിക്കുമെന്നും കരാറിൽ പറഞ്ഞിട്ടില്ല.

(സി) ഇവയുടെ നവീകരണം രണ്ട് ഘട്ടമായിട്ടാണ് പൂർത്തിയാക്കിയത്. ഒന്നാംഘട്ടം 2001 നവംബർ-ഡിസംബർ മാസങ്ങളിലും രണ്ടാംഘട്ടം 2002 ആഗസ്റ്റ്-2003 ഫെബ്രുവരി മാസങ്ങളിലുമായാണ് കമ്മീഷൻ ചെയ്തത്. രണ്ടാം ഘട്ടത്തിലെ യൂണിറ്റുകൾ കമ്മീഷൻ ചെയ്തിട്ട് ഒരു വർഷം ആകാത്തതിനാൽ ഇവയുടെ ഉല്പാദനത്തെപ്പറ്റി ഇപ്പോൾ പറയാൻ സാധിക്കില്ല. ഒന്നാംഘട്ട യൂണിറ്റുകളുടെ കഴിഞ്ഞ ഒരു വർഷത്തെ ഉല്പാദനം താഴെപ്പറയും പ്രകാരമാണ്.

1. പള്ളിവാസൽ - 93.62 മി.യൂ.
2. ചെങ്കുളം - 109.14 മി.യൂ.
3. പന്നിയാർ - 87.38 മി.യൂ.

മേല്പറഞ്ഞ ഉല്പാദനം വെള്ളത്തിന്റെ ലഭ്യതയേയും മറ്റും ആശ്രയിച്ചിട്ടാണ്.

(ഡി) ഇവയിൽ പള്ളിവാസൽ പദ്ധതിയുടെ 37.8 മെഗാവാട്ട് സ്ഥാപിത ശേഷി ടണലിന്റേയും പെൻസ്റ്റോക്കിന്റേയും ശേഷി കുറവുമൂലം ഇപ്പോൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. 32.5 മെഗാവാട്ട് മാത്രമേ ഇപ്പോൾ ഈ സ്റ്റേഷനിൽ പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഈ പദ്ധതിയോട് ചേർന്നുതന്നെ 60 മെഗാവാട്ടിന്റെ ഒരു പുതിയ പവ്വർ ഹൗസ് (പള്ളിവാസൽ എക്സ്റ്റൻഷൻ പ്രോജക്ട്) നിർമ്മിക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പുതിയ പദ്ധതി വരുമ്പോൾ നിലവിലുള്ള പദ്ധതിയുടെ പെൻസ്റ്റോക്കുകളും അതോടൊപ്പം മാറ്റുന്നതാണ്. അപ്പോൾ പള്ളിവാസൽ പദ്ധതിയുടെ പൂർണ്ണ സ്ഥാപിതശേഷിയും (37.5 മെഗാവാട്ട്) ഉപയോഗപ്പെടുത്താൻ കഴിയും.

മേപ്പയൂർ സെക്ഷൻ ഓഫീസിന്റെ കീഴിലുള്ള കാവുന്തറ, മാമ്പറ്റ എന്നീ സ്ഥലങ്ങളിലെ വൈദ്യുതീകരണം

23 (2301) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പയൂർ സെക്ഷൻ ഓഫീസിന്റെ കീഴിലുള്ള കാവുന്തറ, മാമ്പറ്റ എന്നീ സ്ഥലങ്ങളിലെ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) വൈദ്യുതീകരണം എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാവുന്തറ, മാമ്പറ്റ എന്നീ സ്ഥലങ്ങളിലെ മിനിമം ഗ്യാരന്റി പ്രകാരമുള്ള വൈദ്യുതി ലൈൻ പണി പൂർത്തീകരിച്ചിട്ടുള്ളതും ചാർജ്ജ് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നതും ആകുന്നു.

(ബി) മിനിമം ഗ്യാരന്റി പ്രകാരം കരാർ വച്ചവരിൽ 23 പേർ മാത്രമേ കണക്ഷന് ആവശ്യമായ രേഖകൾ ഹാജരാക്കി കരുതൽ തുക അടച്ചിട്ടുള്ളൂ.

(സി) ലൈൻചാർജ് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു.

തിരുവള്ളൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം

24 (2302) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പയൂർ നിയോജക മണ്ഡലത്തിൽപ്പെട്ട തിരുവള്ളൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ കരാർ ഏറ്റെടുത്ത് നടത്തുന്നത് ഏത് ഏജൻസിയാണ് ;

(സി) നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകത സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly